# പള്ളികഥകൾ

## മിനികഥകൾ എൺപത്തി എട്ട്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജോസഫ് അച്ചൻ, കുറഞ്ഞോന്നു കാലത്തിനു ശേഷമാണ് ഇപ്പോൾ കഥ പറയുന്നത്. ആശാരിയുടെ കുഴപ്പവും തടിയുടെ വളവുമുണ്ട്; ഞാൻ അവധിയിൽ കേരളത്തിലായിരുന്നു. എല്ലാം കൂടെ ഒത്തു വന്നപ്പോൾ സമയം ഒരല്പം വൈകി.

# അച്ചൻ

അമേരിക്കയിൽ താമസിക്കുന്ന ഇട്ടിഅവിരായ്ക്ക് മക്കൾ മൂന്നാണ്. രണ്ടാണും ഒരു പെണ്ണും. മൂത്ത മകൻ പഠിക്കാൻ അത്ര മിടുക്കനല്ല; ഒരു വിധത്തിൽ ഹൈസ്ക്കൂൾ പാസായി. പിന്നെ ഉന്തീം തള്ളീം കമ്മ്യൂണിറ്റി കോളേജിൽ വിട്ട് എന്തോ പഠിച്ചു; ഇഞ്ചനീയറിംഗാണെന്നാണ് പറഞ്ഞു കൊണ്ട് നടക്കുന്നത്, സ്വ മനശാന്തിക്കു വേണ്ടി. പഠനം കഴിഞ്ഞെങ്കിലും അടുത്തെങ്ങും ജോലി തരമായില്ല. വളരെ കഷ്ടപ്പാടുകൾക്കു ശേഷം വളരെ ദൂരെ, അതായത് ഏകദേശം എട്ടു മണിക്കൂർ ദൂരെ ആയി ജോലി കിട്ടി. ഏകദേശം രണ്ടു വഷം ജോലി കഴിഞ്ഞപ്പോൾ കേരളത്തിൽ കൊണ്ടു പോയി വിവാഹം കഴിപ്പിച്ചു; ബി. എസ്സി നേഴ്സിനെകൊണ്ട്. അവളെ അമേരിക്കയിൽ കൊണ്ടു വന്ന ശേഷം അവന്റെ കൂടെ തന്നെയാക്കി. അവൾ മിടുക്കി ആയിരുന്നു. പെട്ടന്ന് പരീക്ഷ പാസായി ജോലിയുമായി.

രണ്ടാമത്തേത് മകളാണ്. അവൾ പഠിക്കാൻ വളരെ മിടുക്കിആണ്. ഡോക്ടറാകാൻ പഠിക്കുകയാണെന്ന് എല്ലാവരോടും പറഞ്ഞു നടന്നിരുന്നെങ്കിലും പൂത്തി ആയപ്പോൾ ബി. ഫാം തീത്ത്ിട്ട് എം. ഫാമിനു പഠിക്കാൻ തുടങ്ങി. എപ്പോഴും കണ്ണാടിയുടെ മുൻപിൽ സൗന്ദര്യ വസ്തുക്കൾ ഉപയോഗിച്ച് മാറി മാറി പുതു വസ്ത്രങ്ങൾ അണിഞ്ഞ് സുന്ദരി ആയേ വെളിയിൽ ഇറങ്ങാറുള്ളൂ. പഠിക്കാൻ മിടുക്കി ആയതു കൊണ്ടും സ്കോളർഷിപ്പ് വാങ്ങി പഠിക്കുന്നതു കൊണ്ടും അപ്പനമ്മയും ഒന്നും പറയാതെ, കണ്ടും കേട്ടുമില്ലന്ന് നടിച്ച് മിണ്ടാതെ നടക്കാൻ നിബ്ന്ധിതരായി.

ഇക്കാലത്താണ് ഏറ്റവും ഇളയ മകൻ തോമസുകുട്ടി ഹൈസ്ക്കൂൾ പാസായത്. ആൾ ഒരു ആവറേജ് വിദ്യാത്ഥിയാണ്. അതുകൊണ്ട് കോളേജിൽ വിട്ട് പഠിപ്പിച്ചാൽ വല്ല്യ ഫലമില്ലന്ന് അവനും അപ്പനമ്മയ്ക്കും നല്ല വിധം അറിയാം. എന്നാൽ വല്ല്യ ചെറുക്കൻ ചെയ്തതു പോലെ കമ്മ്യൂണിറ്റി കോളേജിൽ പഠിക്കാനും കൊച്ചു ചെറുക്കനായ തോമാസുകുട്ടിക്ക് താല്പ്പര്യമില്ലാതിരുന്നു.

പ്രാത്ഥനയിൽ അധിഷ്ഠതമായ ഒരു കുടുംബമായതു കൊണ്ട് ഇട്ടിയവിരായ്ക്ക് ദശനമുണ്ടായി കൊച്ചു ചെറുക്കനെ അച്ചനാക്കാമെന്ന്. വിവരം വീട്ടിൽ എല്ലാവക്കും സ്വീകാര്യമായി. ഒരച്ചനായി എല്ലാവരുടേയും ആരാധ്യനായി കഴിയുന്നതിൽ തോമാസുകുട്ടിക്കും സന്തോഷമായി. ഏതു സദസ്സിൽ ചെന്നാലും മുഖ്യസ്ഥാനം കിട്ടും. പെണ്ണുങ്ങൾ എപ്പോഴും കൈകൂപ്പി നിൽക്കും. അമേരിക്കയിലായതുകൊണ്ട് ആഴ്ച്ചയിലൊരിക്കൽ രണ്ടു മണിക്കൂർ അഭിനയിച്ചാൽ മതിയല്ലോ. പിന്നെ വഷത്തിലൊരിക്കൽ ചില ദിവസങ്ങളിൽ കൂടുതൽ ആരാധന ഉണ്ടെന്നു മാത്രം. ജനങ്ങളെ കളിപ്പിച്ചും, ആശ്വാസ വാക്കുകൾ പറഞ്ഞും നടന്നാൽ മതിയല്ലോ. ഒരല്പം ഡിപ്ലോമാസി കൂടെയുണ്ടെങ്കിൽ ജീവിതം അമേരിക്കയിൽ സുഖം.

ദൈവം അനുഗ്രഹിക്കട്ടെ എന്ന് മലയാളത്തിലും ഇംഗ്ലീഷിലും എല്ലാം പറഞ്ഞാൽ ഏറ്റവും അധികം ശോഭിക്കും. ആ കുടുംബം ഉത്തരേന്ത്യയിൽ ഉണ്ടായിരുന്നതുകൊണ്ടും മക്കളെല്ലാം അവിടെ ജനിച്ചു വളന്നവരായതുകൊണ്ടും അല്പം ഹിന്ദിയും അവക്കെല്ലാം അറിയാം. അതും ഒരച്ചനെ സംബന്ധിച്ചിടത്തോളം വലിയ ഒരനുഗ്രഹമാണ്.

അവർ താമസിക്കുന്നതിന് അടുത്തെങ്ങും പോയി പഠിക്കാൻ ഉള്ള സൗകര്യങ്ങളില്ല. ഇട്ടിയവിരാ വിവരം ഭദ്രാസന മെത്രാച്ചനെ അറിയിച്ചു. സെമിനാരിയൻ ആകേണ്ടവൻ കുറഞ്ഞോന്നു കാലം അരമനയിൽ മെത്രാച്ചന്റെ കുശിനിക്കാരനായി പണി ചെയ്യേണമെന്ന് അദ്ദേഹം തെര്യപ്പെടുത്തി. ഇട്ടിയവിരാക്കും മകനും വിരോധമില്ല. ആ ഇനത്തിൽ ഒരാളിന്റെ ചിലവ് മാറി കിട്ടുമെന്ന് ആ നിദ്ധന കുടുംബത്തിന് ആശ്വാസമായി.

അരമനയിലെ താമസത്തിനിടയിൽ പലതും പഠിച്ച കൂട്ടത്തിൽ മെത്രാച്ചന്റെ തുണിയും അലക്കി ഇസ്തിരി ഇട്ടു കൊടുക്കേണ്ടത് അവനാണെന്ന് മനസ്സിലാക്കി. അമേരിക്കയിൽ വാഷിംഗ് മെഷീൻ ഉണ്ടല്ലോ; ഞങ്ങൾ നാട്ടിൽ ഇതൊന്നുമില്ലാതെ ആയിരുന്നു ചെയ്തിരുന്നത്. "ഞങ്ങളുടെ മെത്രാച്ചന്റെ അടി വസ്ത്രങ്ങൾപോലും ഞങ്ങൾ കൈകൊണ്ട് നനച്ചു കൊടുത്തിട്ടാ ഇന്ന് ഈ പദവിയിൽ എത്തിചേന്നത്" എന്നദ്ദേഹം ബോദ്ധ്യപ്പെടുത്തി. തോമാസുകുട്ടി അരമനയിൽ ചെല്ലുമ്പോൾ അയാൾ മാത്രമേ ഈ ആവശ്യത്തിനായി അവിടെ ഉണ്ടായിരുന്നുള്ളൂ. തന്മൂലം അടുത്തൊരാൾ അവിടെ വരുന്നതുവരെ അയാൾ അവിടെ നിൽക്കാൻ നിബ്ന്ധിതനായി. വൈകിയാണെങ്കിലും ഈ വിവരം അറിഞ്ഞ കുശാഗ്ര ബുദ്ധിക്കാരൻ ഇട്ടിയവിരാ, അറിയാവുന്ന പലരേയും ഫോണിൽ ബന്ധപ്പെട്ട് വീട്ടിൽ നിന്ന് ഒരാളെയെങ്കിലും അച്ചനാക്കാൻ ബോധവൽക്കരിച്ചതിന്റെ ഫലമായി, പല സ്ഥലങ്ങളിൽ നിന്ന് പലരും അരമനയിൽ എത്തിച്ചേന്നു.

ഇടവകവികാരിക്ക് അല്പംപ്രയാസം ഉണ്ട്; തോമസ്കുട്ടിയെ വികാരിയുടെ കൂടെ താമസിപ്പിക്കാതെ വിട്ടതിൽ; അദ്ദേഹം ഒരു സന്ന്യാസിഅച്ചനായിരുന്നു. കുറച്ചുനാൾ അച്ചന്റെ കൂടെ താമസിപ്പിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന് അല്പം സഹായം കിട്ടുമായിരുന്നല്ലോ. എന്നാലും അദ്ദേഹം സെമിനാരയിനെ വേണ്ട എല്ലാ പ്രോത്സാഹനങ്ങളും കൊടുത്തിരുന്നു. കൂടാതെ ഇടവക ജനങ്ങളുടെ എല്ലാ വിധ സഹായങ്ങളും സെമിനാരിയന്കൊടുക്കണമെന്ന് അദ്ദേഹം പള്ളിയിൽ പറഞ്ഞു കൊണ്ടിരുന്നു. ഇട്ടിയവരായുടെ വീട്ടിൽ നിന്ന് പലപ്പോഴായി അദ്ദേഹത്തിന് ഭക്ഷണങ്ങൾ കൊടുത്തിരുന്നതിന്റെ നന്ദിയുണ്ട്.

അരമനയിലെ ജീവിതം തോമാസുകുട്ടിക്ക് സന്തോഷകരമായിരുന്നു. നല്ല ഭക്ഷണം സുഭിക്ഷമായി എപ്പോഴും കിട്ടും. താമസവും വളരെ സുഖകരമാണ്. പാതിരാത്രിക്കും വെളുപ്പാൻ കാലത്തും എഴുന്നേറ്റ് പ്രാത്ഥിക്കണം. കുഴപ്പമില്ല. മെത്രാച്ചൻ സ്ഥലത്തില്ലാത്തപ്പോൾ ആ പ്രശ്നമില്ല. മെത്രാച്ചൻ ദീഘകാലം കേരളത്തിൽ പോകുകയാണെങ്കിൽ പരമ സുഖം.

തിയോളജി പഠിക്കാൻ അല്പം ദൂരെ പോകേണ്ടി വന്നു. അവിടെ പ്രവേശനം കിട്ടാൻ പ്രയാസമായിരുന്നു. മെത്രാച്ചന്റെ ശുപാശ മൂലം ആ കടമ്പയും കടന്നു കിട്ടി. ഫീസ് വലിയ ഒരു തുക കൊടുക്കാൻ ഇട്ടിയവിരായ്ക്ക് പ്രയാസമായി. മെത്രാച്ചൻ വേണ്ട സഹായങ്ങൾ ചെയ്തുകൊണ്ട് കാര്യങ്ങൾ അധികം പ്രയാസം കൂടാതെ കഴിഞ്ഞു. അവിടെ ഇംഗ്ലീഷിൽ പഠിപ്പിക്കുന്നത് മനസ്സിലാക്കാൻ പ്രയാസമായി. ആദ്യ പരീക്ഷയിൽ തോറ്റു. കരഞ്ഞുകൂവി വീട്ടിൽ വന്നു. മെത്രാച്ചനേയോ ഇടവക്കാരോയോ അറിയിക്കാൻ വയ്യാത്ത അവസ്ഥ. മൂത്ത ചെറുക്കൻ ചീത്ത പറഞ്ഞ് പണം കൊടുത്ത് വീണ്ടും പഠിപ്പിച്ചു. എന്തായാലും പിന്നെ തോൽക്കാതെ പഠിച്ചു.

ഇടയ്ക്കിടക്ക് ഇടവകയിൽ വരുമ്പോൾ വികാരിയച്ചൻ പ്രസംഗിക്കാൻ അവസരം കൊടുത്ത് മിടുക്കനാക്കികൊണ്ടിരുന്നു. അ

ച്ചന് വല്ലപ്പോഴും കിട്ടുന്ന ഭക്ഷണത്തിന്റെ നന്ദി അദ്ദേഹം കാണിച്ചു. ഇടവക ജനങ്ങൾ വളരെ ക്ഷമിച്ചും സഹിച്ച് സഹകരിച്ചു. സെമിനാരിയന്റെ പ്രസംഗം അത്രയും കേമമായിരുന്നു. ആരോ ചിലർ അദ്ദേഹത്തോട് ചോദിച്ചപ്പോൾ ഇങ്ങിനെയാണ് എല്ലാവരും മിടുക്കരാകുന്നത്. തെറ്റുകൾ വളരെ രഹസ്യമായി പറഞ്ഞ് മനസ്സിലാക്കി കൊടുക്ക്. എന്തായാലും ആരെങ്കിലും എന്തെങ്കിലും തെറ്റുകൾ ചൂണ്ടി കാണിച്ചാൽ അത് സ്വീകരിക്കുകയും ചെയ്യത് എല്ലാവർക്കും സന്തോഷമാമായി. സെമിനാരിയൻ ജീവിതം വളരെ പ്രയാസം ആയിരുന്നെങ്കിലും ഇടയ്ക്കിടക്ക് വീട്ടിലും ഇടവകയിലും വരാനും എല്ലാവരുടേയും സ്നേഹപ്രകടനങ്ങൾ സ്വീകരിക്കാൻ ഇടയാകുന്നതും വേനൽകാലത്ത് അല്പമായി കിട്ടിക്കൊണ്ടിരിക്കുന്ന മഴ നൽകുന്ന ആശ്വാസം പോലായിരുന്നു. കഷായം കുടിക്കുന്ന ലാഘവത്തോടെ ആ കാലഘട്ടം പൂർത്തിയാക്കി.

ഇനിയും സഭയുടെ സെമിനാരിയിൽ തീരെ കുറഞ്ഞത് ആറു മാസമെങ്കിലും കഴിച്ചു കൂട്ടണം. ആ സമയത്തെപറ്റി പലരും പലതും പറഞ്ഞെങ്കിലും, വരുന്നിടത്തുവെച്ച് കാണാമെന്ന് നിശ്ചയിച്ചുറപ്പിച്ച് പുറപ്പെട്ടു. ഭദ്രാസന മെത്രാച്ചന്റെ പിന്തുണയുള്ള ആളാണെന്ന കാര്യം അവിടെ കൂടുതൽ സഹായകമായി. ഈ സമയത്തു തന്നെ വിവാഹം കഴിക്കാനായി വീട്ടുകാരും വേണ്ട ഒത്താശകൾ ചെയ്യു. അമേരിക്കയിൽ ഉണ്ടായിരുന്നപ്പോൾ തന്നെ പെണ്ണിനേയും പെൺവീട്ടുകാരേയും കണ്ട് കാര്യങ്ങൾ എല്ലാം പറഞ്ഞു വെച്ചിരുന്നതുകൊണ്ട് ഉറപ്പും കെട്ടും എല്ലാം കേരളത്തിൽ വെച്ചെന്ന് തീരുമാനിച്ചിരുന്നു. പെൺവീട്ടുകാർ നല്ല ധനികരായിരുന്നെങ്കിലും പെണ്ണിന് ഹൈസ്കൂൾ വിദ്യാഭ്യാസം മാത്രമേ ഉണ്ടായിരുന്നുള്ളു. വിവാഹം കഴിഞ്ഞ് പഠിക്കാൻ വിടാമെന്ന് ആശ്വസിച്ചായിരുന്നു തീരുമാനങ്ങൾ എടുത്തത്. വലിയ ഒരു തുക സ്ത്രീധനമായി കിട്ടിയതുകൊണ്ട് ആ നിർദ്ധന കുടുംബത്തിന് ആശ്വാസകരമായി മറ്റുള്ള എല്ലാ ചിലവുകളും നിവ്വഹിക്കാൻ സാധിച്ചു. കൂടാതെ തോമാസുകുട്ടിയുടെ തുടർന്നുള്ള എല്ലാ ചിലവുകളും അവർ വഹിക്കാമെന്നേറ്റു.

വിവാഹം കഴിഞ്ഞ് തുടർന്നുള്ള സെമിനാരിയിലെ എല്ലാ പഠനങ്ങളും പൂർത്തിയാക്കിയശേഷം തോമാസുകുട്ടി മടങ്ങി. അതിനിടയിൽ ശെമ്മാശപട്ടം സ്വീകരിക്കലും മറ്റും നടന്ന ഭംഗിയായി. ഇനിയും അച്ചനായുള്ള പട്ടം മാത്രമുണ്ട്. അതിന്റെ തീയതിയും എല്ലാം തീരുമാനിച്ചു. അതിനിടയിൽ പല ശ്രേഷ്ഠ പുരോഹിതരുടെ അടുക്കൽ പോയി തക്സാ തടവിച്ചു. (വിശുദ്ധ കുർബ്ബാനയും ആണ്ടു തക്സായും ചൊല്ലാൻ പഠിപ്പിക്കുന്നതിനെയാണ് തക്സാ തടവിക്കുകയെന്ന് പറയുന്നത്). അതുകൊണ്ട് ശനിയാഴ്ച പട്ടംകൊട കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം ഞായറാഴ്ച തന്നെ ആദ്യ കുർബ്ബാന ചൊല്ലാൻ കഴിയും. ചില പട്ടക്കാർ ഏഴാം പട്ടം കിട്ടി കഴിഞ്ഞ് വളരെ സമയം കഴിഞ്ഞു മാത്രമേ ആദ്യകുർബ്ബാന ചൊല്ലുകയുള്ളു. എങ്കിൽ മാത്രമേ അവർക്ക് ശരിക്കുള്ള പരിചയവും ആത്മധൈര്യവും കിട്ടുകയുള്ളു. സഭയുടെ സെമിനാരികളിൽ ഇന്ന് അതിനു തക്ക കഴിവുള്ള മല്പാനച്ചന്മാരും സൗകര്യങ്ങളും ഉണ്ട്.

തോമാസുകുട്ടി അച്ചൻ പല ഇടവക പള്ളികളിലും പോയി ആരാധന നടത്തി. എല്ലാവർക്കും അദ്ദേഹത്തിന്റെ ആരാധന വളരെ ഇഷ്ടപ്പെട്ടു. കൂടാതെ വചന ശുശ്രൂഷയും. വലിയ ശ്രുതിയും മറ്റും ഇല്ലെങ്കിലും തെറ്റുകൾ ഒന്നും ഇല്ലായിരുന്നു. കൊച്ചച്ചനായതുകൊണ്ട് വളരെ ഒരു ചെറിയ ഇടവകയുടെ ചുമതലയാണ് ഏല്പിച്ചത്. മാസത്തിൽ രണ്ടു തവണ അവിടെ ചൊല്ലാൻ സാധിക്കും. അല്ലാതുള്ള സമയങ്ങളിൽ പല സ്ഥലങ്ങളിൽ ചൊല്ലാൻ തരപ്പെടും. എല്ലായിടത്തു നിന്നു കിട്ടുന്ന തുഛമായ തുക കൊണ്ട് ജീവിക്കുവാൻ പറ്റുമോ. സാധുക്കളായ ജനങ്ങൾക്ക് താങ്ങാവുന്നതിലധികമായി അച്ചന് നൽകാൻ പറ്റത്തില്ലല്ലോ. അച്ചന് മറ്റ് ജോലികളോ വരുമാനങ്ങളോ ഇല്ല. എല്ലാവരും ഭംഗിയായി കൊച്ചമ്മയെന്നു വിളിക്കുന്ന പാവം കൊച്ചച്ചന്റെ ഭാര്യക്ക് ജോലിയോ മറ്റു വരുമാനവും ഇല്ലന്നു മാത്രമല്ല മറ്റു ജോലികൾക്ക് പോകാനുള്ള വിദ്യാഭ്യാസവുമില്ല. എത്ര കാലമെന്നു വെച്ചാ സ്വ മാതാപിക്കളെ ആശ്രയിച്ചു് ജീവിക്കുന്നത്. മകൻ അച്ചനേയോ മരുമകൾ മസ്ക്കിയാമ്മയേയോ മാറി പോയി താമസിക്കാൻ പറയാൻ പറ്റുമോ?

ഏതെങ്കിലും കൂടുതൽ അംഗസംഖ്യ ഉള്ള പള്ളികളിലെ അസിസ്റ്റന്റ് വികാരി ആയിട്ടുള്ള ചുമതല ആയിരുന്നെങ്കിൽ കിമ്പളമായിട്ടെങ്കിലും കിട്ടുമായിരുന്നു. അമേരിക്കയിലെ പല അച്ചന്മാരും അവരുടെ ഭാര്യമാരും ജോലി ചെയ്ത് ജീവിക്കുന്നുണ്ട്. ചില സ്ഥലങ്ങളിൽ അച്ചന്മാരുടെ ഭാര്യയെങ്കിലും ജോലി ചെയ്യുന്നുണ്ട്. ചിലയിടങ്ങളിൽ അച്ചന്മാർ പള്ളി ചുമതല വഹിക്കുന്നതു കൂടാതെ വേറെ ജോലിയും ചെയ്യുന്നുണ്ട്. വീട്ടിലെ ചിലവുകൾ വഹിക്കാനുള്ള വരുമാനം അമേരിക്കയിലെ പല ഓത്ത്ഡോക്സ് അച്ചന്മാർക്കും ഇടവക പള്ളികളിൽ നിന്ന് ലഭിക്കുവാൻ പ്രയാസമാണ്. എല്ലാവർക്കും പള്ളിയും പട്ടക്കാരനും ആരാധനയും വേണം. "പശുവിനെ വേണം, തീറ്റിപോറ്റാൻ വയ്യായെന്ന ഗതികേടിലാണ്. അമേരിക്കയിലെ പുത്തൻ തലമുറയിലെ പലരും കുപ്പായമിട്ടു നടക്കുന്ന അച്ചന്മാരെ കണ്ട് കൊതി പൂണ്ടിട്ട് കാര്യമില്ല. ഭാവിയിലെ ഭവിഷ്യത്ത് ഓത്ത് വേണം ഓരോന്നും ആഗ്രഹിക്കേണ്ടത്!

അച്ചന്റെ അപ്പനാണ്, അമ്മയാണ്, അമ്മായി അപ്പനാണ്, അമ്മായിഅമ്മയാണെന്ന് പറഞ്ഞ് അഹങ്കരിച്ചു നടന്നിട്ടു ഫലമുണ്ടോ? സതീർത്ഥ്യർ മറ്റു ജോലികൾ ചെയ്ത് കൈ നിറച്ച് വാരികൂട്ടി ജീവിക്കുന്നു എന്നു പറഞ്ഞ് അച്ചൻ അസൂയപ്പെട്ടിട്ട് വല്ല ഫലവുമുണ്ടോ. ഒരച്ചനെ ജനങ്ങൾ കൈകൂപ്പി വന്ദിക്കുന്നതു പോലെ, ധാരാളം പണം വാങ്ങി കഴിയുന്ന സതീർത്ഥ്യർ അസൂയപ്പെട്ടിട്ടും കാര്യമില്ല. എല്ലാ ജനങ്ങളുടേയും ബഹുമാനവും ധാരാളം പണവും കിട്ടുന്ന മെത്രാച്ചന്മാർ ഭാര്യയുമായി കഴിയുന്ന സതീർത്ഥ്യരെ നോക്കി അസൂയപ്പെട്ടിട്ട് കാര്യമുണ്ടോ? ഓരോരുത്തർക്കും ഓരോന്നാണ് വിധി. എല്ലാ സുഖങ്ങളും നൽകി ഒരു ദൈവവും ഒരു മനുജനേയും അനുഗ്രഹിച്ചിട്ടില്ല. നമ്മൾക്കോരോരുത്തർക്കും ദൈവം നൽകിയിട്ടുള്ള നന്മകൾക്കും അനുഗ്രഹങ്ങൾക്കുമായി ദൈവത്തിന് നന്ദി പറയാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്!

